©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ഫെബ്രുവരി 19<br>19th February 2019<br>1194 കുംഭം 7<br>7th Kumbham 1194<br>1940 മാഘം 30<br>30th Magha 1940 | നമ്പർ<br>No. | 8 |

## PART III
# Co-operative Department

### കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : ശ്രീ. എം. ബിനോയ് കുമാർ)

നമ്പർ എ. ഇ. എൽ./5358/2018. 2018 ഡിസംബർ 28.

വിഷയം:—സമാപ്തീകരണം—കെ.892 ചങ്ങനാശ്ശേരി താലൂക്ക് പട്ടികജാതി പ്രിന്റിംഗ് & ബുക്ക് ബയിന്റിംഗ് സഹകരണ സംഘം ക്ലിപ്തം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-4-2011-ലെ AEL/8723/2010 നമ്പർ ഉത്തരവ്.

(2) ബഹു. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാറുടെ 3-11-2018-ലെ AEL/5604/2018 നമ്പർ ഉത്തരവ്.

(3) ചങ്ങനാശ്ശേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 27-12-2018-ലെ MUI 3/2018 നമ്പർ കത്ത്.

(4) സംഘം ലിക്വിഡേറ്ററുടെ 27-12-2018-ലെ 1-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ പ്രവർത്തിച്ചിരുന്ന കെ.892 ചങ്ങനാശ്ശേരി താലൂക്ക് പട്ടികജാതി പ്രിന്റിംഗ് & ബുക്ക് ബയിന്റിംഗ് സഹകരണസംഘം പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് സൂചന (1) പ്രകാരം ലിക്വിഡേഷനിലാണ്. 20-10-2011-ൽ ടി സംഘത്തിൽ ചങ്ങനാശ്ശേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മാടപ്പള്ളി യൂണിറ്റ് ഇൻസ്പെക്ടർ ലിക്വിഡേറ്ററായി ചാർജ്ജെടുക്കുകയും ലിക്വിഡേഷൻ നടപടികൾ നടത്തിവരുകയും ചെയ്തിട്ടുള്ളതുമാണ്. ഇപ്പോൾ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതിനെ തുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) പ്രകാരം അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചിരിക്കുന്നു. ടി സംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച് നാളിതുവരെയുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി 25-1-2012-ൽ ലിക്വിഡേറ്റർ ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിച്ചെങ്കിലും നാളിതുവരെ യാതൊരുവിധ ക്ലെയിമുകളും ലഭ്യമായിട്ടുള്ളതല്ല. ടി സംഘത്തിന്റെ അക്കൗണ്ടുകളിൽ നടപടികൾ അവസാനിപ്പിച്ച് തുകകൾ ലിക്വിഡേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതാണ്. തുടർന്ന് ലിക്വിഡേറ്റർക്ക് ഈടാക്കി എടുക്കാൻ സാധിക്കാത്ത ആസ്തികൾ എഴുതിത്തള്ളിയും ബാധ്യതകൾ കണ്ടുകെട്ടിയും 13-9-2018-ൽ AEL/8723/2010 നമ്പരായി കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവ് പുറപ്പെടുവിച്ചു. സംഘത്തിന്റെ അന്തിമ പൊതുയോഗം 26-12-2018-ൽ നടത്തിയിട്ടുള്ളതാണ്. ലിക്വിഡേറ്ററുടെ പേരിൽ കോട്ടയം ജില്ലാ സഹകരണബാങ്കിന്റെ ചങ്ങനാശ്ശേരി ശാഖയിലുള്ള എസ്. ബി അക്കൗണ്ടിലെ ₹ 7,031 കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. നിലവിൽ സംഘത്തിന് ഗവൺമെന്റ് കുടിശ്ശികയൊന്നും ഇല്ലായെന്ന് ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സംഘത്തിന്റെ ലിക്വിഡേറ്ററുടെ നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകളും ബന്ധപ്പെട്ട രേഖകളും AEL ആഡിറ്റിന് വിധേയമാക്കിയിട്ടുള്ളതാണ്. ബഹു. സഹകരണസംഘം രജിസ്ട്രാറുടെ സൂചന (2) ഉത്തരവ് പ്രകാരം ലിക്വിഡേറ്റർക്ക് 19-4-2019 വരെ കാലാവധിയുണ്ട്. ടി സംഘത്തിന്റെ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ ബാക്കി പത്രം, നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ, ഇപ്പോഴത്തെ ബാക്കിപത്രം എന്നിവ താഴെപറയും പ്രകാരമാണ്.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം

| ബാദ്ധ്യത | തുക ₹ | ആസ്തി | തുക ₹ |
|---|---|---|---|
| ഓഹരി വ്യക്തികൾ | 10,350.00 | നീക്കിയിരുപ്പ് തുക | 339.11 |
| തേയ്മാനം | 301.75 | ബാങ്ക് നിക്ഷേപം | 190.00 |
| അഡ്വാൻസ്-കൊടുക്കുവാനുള്ളത് | 17,846.65 | ഫർണീച്ചർ | 6,035.00 |
| | | സ്റ്റോക്ക് ഇൻ ട്രേഡ് | 2,701.00 |
| | | അഡ്വാൻസ് കിട്ടുവാനുള്ളത് | 9,246.65 |
| | | അറ്റനഷ്ടം | 9,986.64 |
| **ആകെ** | **28,498.40** | **ആകെ** | **28,498.40** |

നാളിതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ

| വരവ് | തുക ₹ | ചെലവ് | തുക ₹ |
|---|---|---|---|
| സംഘം അക്കൗണ്ട് SB 44 | 6,084.00 | സർവ്വീസ് ചാർജ് | 225.00 |
| പലിശ | 1,172.00 | കോമൺ ലിക്വിഡേഷൻ ഫണ്ട് | 7,031.00 |
| മുന്നിരിപ്പ് | 0 | | |
| **ആകെ** | **7,256.00** | **ആകെ** | **7,256.00** |

ഇപ്പോഴത്തെ ബാക്കിപത്രം

| ആസ്തി | തുക | ബാധ്യത | തുക |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതിനെ തുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) പ്രകാരം ചങ്ങനാശ്ശേരി അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ സഹിതം അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചു. മേൽസാഹചര്യത്തിൽ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതായി എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാൽ കെ 892 ചങ്ങനാശ്ശേരി താലൂക്ക് പട്ടികജാതി പ്രിന്റിംഗ് & ബുക്ക് ബയിന്റിംഗ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കെ. 892 ചങ്ങനാശ്ശേരി താലൂക്ക് പട്ടികജാതി പ്രിന്റിംഗ് & ബുക്ക് ബയിന്റിംഗ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര്, സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
കോട്ടയം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## വയനാട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

[ഹാജർ : പി. റഹീം]

(1)

നമ്പർ എ. ഇ.എൽ./3171/2018. 2019 ജനുവരി 11.

വിഷയം :—ലിക്വിഡേഷൻ—സുൽത്താൻ ബത്തേരി ബ്ലോക്ക് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ 33—1969-ലെ സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) ഈ ആഫീസിലെ 24-5-1993-ലെ എ. ഇ. എൽ/1368/93 ഇതേ നമ്പർ ഉത്തരവ്.

(2) സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 27-12-2018-ലെ 568/89 നമ്പർ കത്ത്.

(3) ലിക്വിഡേറ്ററുടെ 26-12-2018-ലെ 568/89 നമ്പർ നടപടിക്രമം.

സൂചന (1) ഉത്തരവുപ്രകാരം ലിക്വിഡേഷനിലായ സുൽത്താൻ ബത്തേരി ആസ്ഥാനമായി പ്രവർത്തിച്ചുവന്നിരുന്ന സുൽത്താൻ ബത്തേരി ബ്ലോക്ക് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യു. 33-ൽ സുൽത്താൻ ബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി 18-6-1993-ൽ ചാർജ്ജ് ഏറ്റെടുക്കുകയും ഏറ്റെടുത്ത കാലത്തെ സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി കടധന പട്ടിക താഴെപറയും പ്രകാരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു.

| ബാദ്ധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി മൂലധനം | 22,300 | ബാങ്കിൽ | 375 |
| നിക്ഷേപങ്ങൾ | 22,000 | മറ്റു സ്ഥാപനങ്ങളിലെ ഓഹരി | 100.00 |
| കൊടുക്കാനുള്ള പലിശ | 8,000 | അറ്റ നഷ്ടം | 19,850 |
| അഡ്വാൻസുകൾ സംഘം കൊടുക്കാനുള്ളത് | 31,230 | അഡ്വാൻസുകൾ-സംഘത്തിന് വരേണ്ടവ | 63,205 |
| **ആകെ** | **83,530** | **ആകെ** | **83,530** |

ലിക്വിഡേറ്റർ ക്ലെയിം പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിക്വിഡേറ്ററുടെ പേരിൽ ഒരു സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കുകയും സംഘത്തിന്റെ പേരിലുള്ള അക്കൗണ്ടിലെ തുകകൾ ടി അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റർക്ക് ഓഹരിയിനത്തിലുള്ള ₹ 100-ം കിട്ടാനുള്ള അഡ്വാൻസ് ഇനത്തിൽ ₹ 237-ം മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളു. ബാദ്ധ്യതയിനത്തിലുണ്ടായിരുന്ന വഹകൾ കൊടുത്തു തീർക്കുന്നതിന് ആയതിന്റെ യഥാർത്ഥ അവകാശികളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ലിക്വിഡേറ്റർക്ക് കൊടുത്തു തീർക്കാൻ സാധിച്ചിട്ടില്ല. കൊടുത്തു തീർക്കാൻ പറ്റാത്ത ബാദ്ധ്യതകളായ താഴെ എ പട്ടിക വഹകൾ കണ്ട് കെട്ടുന്നതിനും ലിക്വിഡേറ്റർക്ക് പിരിച്ചെടുക്കാൻ സാധിക്കാത്ത ബി പട്ടികയിലെ വഹകൾ എഴുതി തള്ളുന്നതിനും അനുമതിക്കായി ലിക്വിഡേറ്ററുടെ അപേക്ഷപ്രകാരം ഈ ആഫീസിലെ 3-11-2018-ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

പട്ടിക എ.

| ആസ്തി | തുക ₹ |
|---|---|
| അഡ്വാൻസുകൾ | 62,442.00 |
| അറ്റ നഷ്ടം | 19,850.40 |
| **ആകെ** | **82,292.40** |

പട്ടിക ബി.

| ബാദ്ധ്യത | തുക ₹ |
|---|---|
| ഓഹരി മൂലധനം | 22,300.00 |
| നിക്ഷേപങ്ങൾ | 22,000.00 |
| കൊടുക്കാനുള്ള പലിശ | 8,000.00 |
| സംഘം കൊടുക്കാനുള്ളത് | 31,230.00 |
| **ആകെ** | **83,530.00** |

ടി ഉത്തരവിന് ശേഷം ലിക്വിഡേറ്റർ മൊത്തമായി പിരിച്ചെടുത്ത ₹ 4,011-ൽ നിന്നും 15% ആയ ₹ 602 ലിക്വിഡേഷൻ ചാർജ്ജായി ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്.

ലിക്വിഡേറ്റർ സംഘത്തിന്റെ അന്തിമ പൊതുയോഗം 26-12-2018-ന് മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ) ആഫീസിൽ വച്ച് വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ ആരും തന്നെ പങ്കെടുത്തിരുന്നില്ല. യോഗ തീരുമാനപ്രകാരം ആകെ പിരിച്ചെടുത്ത തുകകളിൽ നിന്നും മേൽപറഞ്ഞ പ്രകാരമുള്ളവ കഴിച്ച് ബാക്കിയുള്ള തുകയായ ₹ 3,409 അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാൻഡേറ്ററിയായി അടയ്ക്കേണ്ട 5 % ലിക്വിഡേഷൻ കോസ്റ്റ് അടക്കം അടക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. സംഘത്തിൽ നിലവിൽ ആസ്തി-ബാദ്ധ്യതകൾ ഒന്നും ബാക്കി നിൽക്കുന്നില്ല. ലിക്വിഡേഷൻ നടപടികളും അക്കൗണ്ടുകളും എ. ഇ. എൽ. ആഡിറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന് യാതൊരു ആസ്തികളും ബാദ്ധ്യതകളും നിലനിൽക്കുന്നില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**ഉത്തരവ്**

സംഘം ലിക്വിഡേറ്ററുടെ സൂചന (2)-ലെ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ടും ക്ലിപ്തം നമ്പർ ഡബ്ളിയു. 33 സുൽത്താൻ ബത്തേരി ബ്ലോക്ക് വനിതാ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ഇത് സംബന്ധിച്ചുള്ള രേഖകൾ ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ നശിപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ എ. ഇ.എൽ./3576/2018. 2019 ജനുവരി 19.

വിഷയം :—ലിക്വിഡേഷൻ—മാനന്തവാടി പഞ്ചായത്ത് പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 277—1969-ലെ സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) ഈ ആഫീസിലെ 23-2-2016-ലെ എ. ഇ. എൽ/2782/2015 നമ്പർ ഉത്തരവ്.

(2) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാനന്തവാടിയുടെ 27-12-2018-ലെ 328/2016 നമ്പർ കത്ത്.

(3) ലിക്വിഡേറ്ററുടെ 26-12-2018-ലെ 328/2016 നമ്പർ നടപടി ക്രമം.

സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലായ ഡബ്ലിയു 277-ാം നമ്പർ മാനന്തവാടി പഞ്ചായത്ത് പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘത്തിൽ മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടർ സംഘം ലിക്വിഡേറ്ററായി 3-3-2016-ൽ ചാർജ്ജ് ഏറ്റെടുക്കുകയും, ചാർജ്ജ് ഏറ്റെടുക്കുന്ന വേളയിൽ ലിക്വിഡേറ്റർക്ക് സംഘം രേഖയായി ഒരു മിനിട്ട്സ് ബുക്ക് മാത്രമാണ് ലഭ്യമായിരുന്നത്. ചാർജ്ജ് ഏറ്റെടുക്കുന്ന തീയതിയിലെ സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി കടധന പട്ടിക താഴെ പറയും പ്രകാരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു.

| ബാദ്ധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി മൂലധനം | 15,000.00 | പ്രാരംഭ മൂലധനം | 15,000.00 |
| ചീഫ് പ്രമോട്ടർ | 100.00 | വയനാട് ജില്ലാ സഹകരണ ബാങ്ക് ഓഹരി | 100.00 |
| **ആകെ** | **15,100.00** | **ആകെ** | **15,100.00** |

ലിക്വിഡേറ്റർ ക്ലെയിം പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിക്വിഡേറ്ററുടെ പേരിൽ ഒരു സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കുകയും സംഘത്തിന്റെ പേരിലുള്ള അക്കൗണ്ടിലെ തുകകൾ ടി അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ജില്ലാ ബാങ്കിലെ ഓഹരി മൂലധനം ₹ 100 പിൻവലിക്കാൻ ആവശ്യപ്പെട്ടപ്രകാരം ജില്ലാ ബാങ്ക് ടി ഓഹരി തുകയും ₹ 900 ഡിവിഡന്റും അടക്കം ₹ 1,000 ലിക്വിഡേറ്ററുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ലിക്വിഡേറ്റർ മൊത്തമായി പിരിച്ചെടുത്ത ₹ 16,000-യിൽ നിന്നും 15% ₹ 2,400 ലിക്വിഡേഷൻ ചാർജ്ജായി അടവാക്കിയിട്ടുണ്ട്. സംഘം ഓഹരി ഉടമകൾക്ക് ഓഹരി തുക തിരികെ വാങ്ങുന്നതിനായി ലിക്വിഡേറ്റർ രജിസ്ട്രേഡ് തപാലിൽ അറിയിപ്പ് നൽകിയതിനെ തുടർന്ന് 8 അംഗങ്ങൾക്ക് നോട്ടീസിൽ പറഞ്ഞ നിശ്ചിത തീയതിയിൽ ആകെ ₹ 2,455 തിരികെ നൽകി. സർക്കാരിലേക്ക് സംഘത്തിന് യാതൊരു ബാദ്ധ്യതയും ഇല്ല.

ലിക്വിഡേറ്റർ സംഘത്തിന്റെ അന്തിമ പൊതുയോഗം 26-12-2018-ന് മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ) ആഫീസിൽ വച്ച് വിളിച്ചുചേർക്കുകയും യോഗ തീരുമാനപ്രകാരം ആകെ പിരിച്ചെടുത്ത തുകകളിൽ നിന്നും മേൽപറഞ്ഞ പ്രകാരമുള്ളവ കഴിച്ച് ബാക്കിയുള്ള മുഴുവൻ തുകയായ ₹ 10,406 അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് അടക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ആയത് മാൻഡേറ്ററിയായി അടയ്ക്കേണ്ട 5 % ലിക്വിഡേഷൻ കോസ്റ്റ് ഉൾപ്പെടെയാണ്. സംഘത്തിൽ നിലവിൽ ആസ്തി-ബാദ്ധ്യതകൾ ഒന്നും ബാക്കി നിൽക്കുന്നില്ല. ലിക്വിഡേഷൻ നടപടികളും അക്കൗണ്ടുകളും എ. ഇ. എൽ. ആഡിറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**ഉത്തരവ്**

സംഘം ലിക്വിഡേറ്ററുടെ സൂചന (2)-ലെ നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ടും ക്ലിപ്തം നമ്പർ ഡബ്ളിയു. 277, മാനന്തവാടി പഞ്ചായത്ത് പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ഇത് സംബന്ധിച്ചുള്ള രേഖകൾ ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ആഫീസ്,
കൽപ്പറ്റ, വയനാട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

REGISTRATION CERTIFICATE

No. O. 4020/2018. *31st December 2018.*

I do hereby certify in exercise of the powers conferred upon me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the aforesaid society is also hereby registered under the said section.

**Categorical Statement**

1. Name and Number of the Society— Enmakaje Farmers Welfare Co-operative Society Ltd. K573
2. Date of Registration—31-12-2018.
3. Address—Perla.
4. Liability—Limited.
5. Area of Operation—Whole area of Enmakaje Grama Panchayath.
6. Main Objectives—Economic and Social Well being of the Farmers and Ordinary Peoples.
7. Type of Society—Miscellaneous Societies—(1) Social Welfare Societies—Better living societies, Literary societies and Welfare Societies, as per Rule 15-12(1).
8. Authorized Share Capital—₹ 150 Lakhs.
9. Maximum Borrowing Power—150 times of paid up Share Capital + Reserve Fund.

Office of the Joint Registrar of Co-operative Societies (General), Kasaragod.

(Sd.)
*Joint Registrar (General).*